പരിശോധനയ്ക്കും ഇൻഷ്വറൻസ് പരിശോധിക്കുന്നുണ്ട്. നികുതി അടയ്ക്കുന്ന ദിവസം ഇൻഷ്വറൻസ് ഉണ്ടായിരുന്നാലും അതിനുശേഷം പുതുക്കുന്നുണ്ടോ എന്ന് റോഡ് വാഹന പരിശോധനവഴിമാത്രമേ ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ.

(സി) നികുതി ഒടുക്കുന്നതിന് ഇ-പേമെന്റ് സമ്പ്രദായം നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നുള്ള നിബന്ധന ഒഴിവാക്കിയിട്ടുള്ളത്. മോട്ടോർ വാഹന വകുപ്പിന്റെ മറ്റ് സേവനങ്ങൾക്കെല്ലാം ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. മുഖ്യമന്ത്രി തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയിൽ ടാക്സ് അടക്കുന്നതിന് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥ പുനഃസ്ഥാപിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം

262 (7825) ശ്രീ. പി. എ. മാധവൻ :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം പരിഹരിക്കാൻ സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതെല്ലാം യാത്രാപ്രശ്നങ്ങൾക്കാണ് സമിതി പരിഹാരം കാണാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ സർക്കാരിന്റെ 1-6-1990-ലെ ജി.ഒ.(ആർടി.) നമ്പർ. 851/90/പി.ഡബ്ല്യു.ആന്റ്ടി എന്ന ഉത്തരവ് പ്രകാരം വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഓരോ ജില്ലയിലും ജില്ലാകളക്ടർ ചെയർമാനായി സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 18-9-1990-ലെ ജി.ഒ.(ആർടി) നമ്പർ 1324/90/പി.ഡബ്ല്യു.ആന്റ്ടി എന്ന ഉത്തരവ് അനുസരിച്ച് പ്രസ്തുത കമ്മിറ്റി പ്രവർത്തിക്കുവാൻവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഓരോ ജില്ലയിലേയും വിദ്യാർത്ഥികളുടെ യാത്രാപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. എല്ലാ വർഷവും അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുൻപ് പ്രസ്തുത കമ്മിറ്റി യോഗം കൂടേണ്ടതും വിദ്യാർത്ഥികളുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യാത്രാപ്രശ്നങ്ങളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കേണ്ടതുമാണ് എന്ന നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. മാത്രമല്ല, വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ ഒരു വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യമെങ്കിലും യോഗം ചേരണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വിദ്യാർത്ഥികൾക്കുള്ള കൺസഷൻ കാർഡ് വിതരണം, പ്രൈവറ്റ് ബസ്സിൽ വിദ്യാർത്ഥികളെ രണ്ടാംതരം പൗരന്മാരായി ചിത്രീകരിക്കുന്നുവെന്നുള്ള പരാതികൾ, വിദ്യാർത്ഥികൾ നിൽക്കുന്ന ബസ് സ്റ്റോപ്പുകളിൽ ബസ്സ് നിർത്തുന്നില്ല, ബസ്സ് വിടാൻ സമയത്ത് മാത്രമേ വിദ്യാർത്ഥികളെ ബസ്സിൽ കയറുവാൻ അനുവദിക്കുന്നുള്ളൂ എന്നീ പരാതികൾ, വിദ്യാർത്ഥികൾക്ക് ബസ്സിൽ സീറ്റ് അനുവദിക്കുന്നില്ല എന്നും അവരിൽനിന്നും അമിത യാത്രാക്കൂലി വാങ്ങുന്നു വെന്നുമുള്ള പരാതികൾ തുടങ്ങിയവയ്ക്കാണ് സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിവഴി പരിഹാരം കാണേണ്ടത്.

വിദ്യാർത്ഥികൾ സഞ്ചരിക്കുന്ന വാഹനങ്ങൾക്ക് അപകടമുണ്ടാകാതിരിക്കാൻ പദ്ധതി

263 (7826) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികൾ സഞ്ചരിക്കുന്ന വാഹനങ്ങൾക്ക് അപകടമുണ്ടാകാതിരിക്കാനായി മോട്ടോർ വാഹന വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തുവാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ & ബി) യാത്രാ സുരക്ഷ സംബന്ധിച്ച നിലവിലുള്ള നിയമങ്ങളും നിബന്ധനകളും പാലിക്കപ്പെടുന്നുണ്ടോയെന്ന് വാഹനം രജിസ്റ്റർ ചെയ്യുന്ന സമയത്തും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന സമയത്തും ഉറപ്പുവരുത്താറുണ്ട്. സ്പീഡ് ഗവേർണ്ണർ നിർബന്ധമാക്കുകയും പ്രവർത്തനക്ഷമത പരിശോധിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ദൈനംദിന വാഹന പരിശോധനാ സമയത്തും നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ പോലീസ്, വിദ്യാഭ്യാസ വകുപ്പ് എന്നിവരുമായി ചേർന്ന് സംയുക്ത